"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2023-24-ൽ വിതരണത്തിന് ആവശ്യമുള്ള അധികതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും പദ്ധതിയുടെ cut off date നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(കൈ) നം.157/2026/RD തീയതി, തിരുവനന്തപുരം, 15-03-2026**

പരാമർശം:- 1. സ.ഉ(കൈ).നം.203/2021/റവ തീയതി 22.10.2021.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.01.2025 തീയതിയിലെ LR/3818/2024-LR(H1) നമ്പർ കത്തും ഉള്ളടക്കവും.

**<u>ഉത്തരവ്</u>**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന BPL കുടുംബങ്ങൾക്ക് പ്രതിമാസം 5000/-രൂപ വീതം DBT ആയി ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവ് (36 മാസം) വരെ ധനസഹായം നൽകുന്നതിനും ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്നതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2023—24-ൽ ആവശ്യമുള്ള അധിക തുകയായ 6,83,75,000/-രൂപ (ആറു കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) (തിരുവനന്തപുരം - 1,21,90,000/-രൂപ, കൊല്ലം - 2,12,95000/-രൂപ, കോട്ടയം 14,40,000/-രൂപ, തൃശ്ശൂർ - 3,34,50,000/- രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2023-24 ൽ ആവശ്യമുള്ള അധികതുകയായ 6,83,75,000/-രൂപ (ആറു കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) വിതരണത്തിന് ആവശ്യമായി വരുന്ന 6,83,75,000/-രൂപ (ആറു കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിക്കേണ്ടതും, ജില്ലാ കളക്ടർമാർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

തിരുവനന്തപുരം - 1,21,90,000/-രൂപ,

കൊല്ലം - 2,12,95,000/-രൂപ,

കോട്ടയം 14,40,000/-രൂപ,

തൃശ്ശൂർ - 3,34,50,000/- രൂപ)

4) കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന കോവിഡ് ബി.പി.എൽ പെൻഷൻ പദ്ധതിയുടെ cut off date ഈ ഉത്തരവ് തീയതിയായി നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവന്തപുരം/കൊല്ലം/കോട്ടയം/ തൃശ്ശൂർ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ദുരന്ത നിവാരണ (എ) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് ( 14.03.2026-ലെ മന്ത്രിസഭയോഗ തീരുമാനം ഇനം നം. 4010)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (REV-DRF-A1/193/2021-REV-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 15-03-2026 15:38:50
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ1/193/2021/റവ.പാർട്ട്(1). ഇനം നം: 4010

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2023-24-ൽ ആവശ്യമുള്ള അധികതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതും പദ്ധതിയുടെ cut off date നിശ്ചയിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

4010

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-ഡി.ആർ.എഫ്.-എ 1/193/2021-റവ പാർട്ട് (1) |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം 3 വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2023-24 ൽ ആവശ്യമുള്ള അധികതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതും പദ്ധതിയുടെ cutoff date നിശ്ചയിക്കുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.03.2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.03.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.03.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 14.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 14.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭയുടെ യോഗത്തിനുള്ള കുറിപ്പ്

കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം 3 വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം 2023-24 ൽ ആവശ്യമുള്ള അധികതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതും പദ്ധതിയുടെ cutoff date നിശ്ചയിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന BPL കുടുംബങ്ങൾക്ക് പ്രതിമാസം 5000/-രൂപ വീതം DBT ആയി ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവ് (36 മാസം) വരെ ധനസഹായം നൽകുന്നതിനും ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്നതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും 2.10.2021 തീയതിയിൽ സ.ഉ(കൈ).നം.203/2021/റവ പ്രകാരം ഉത്തരവായിരുന്നു. 20/06/2021-ൽ സ.ഉ.(കൈ)നം.18/2021/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾക്ക് 02.10.2021 തീയതിയിലെ സ.ഉ(കൈ).നം.203/2021/റവ പ്രകാരമുള ആനുകൂല്യം ലഭിക്കുന്നതിന് അർഹരല്ല.

3) മേൽ പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ച വരവെ കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം മൂന്നു വർഷത്തേയ്ക്ക് സമാശ്വാസ സഹായം നൽകുന്ന പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ചുവെങ്കിലും 23/02/2024-ലെ സ.ഉ (സാധാ) നം.1639/2024/ധന പ്രകാരം പുതിയ ശീർഷകം തുറന്ന ഉത്തരവ് റദ്ദ് ചെയ്യുകയുണ്ടായി. ആയതിനാൽ പദ്ധതി പ്രകാരമുള്ള തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന രീതി തുടർന്നാൽ മതിയാകുമെന്നും, ധനസഹായ വിതരണവുമായി ബന്ധപ്പെട്ട cut off date ഉൾപ്പെടെയുള്ള നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശ അടിയന്തിരമായി സമർപ്പിക്കേണ്ടതാണെന്നും ധന വകുപ്പ് അഭിപ്രായപ്പെട്ടു.

4) അവസാനമായി 2023-24 വർഷത്തെ അപേക്ഷകർക്ക് കോവിഡ് ബി.പി.എൽ. പെൻഷൻ വിതരണം ചെയ്യുന്നതിന് എല്ലാ ജില്ലകൾക്കുമായി ആകെ 52,95,70,000/- രൂപ (അൻപത്തിരണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ.(സാധാ)1419/2024/ആർഡി തീയതി 20.06.2024 പ്രകാരം ഉത്തരവായിട്ടുണ്ട്. തുടർന്ന് 22/10/2021 ലെ സ.ഉ.(കൈ) 203/2021/റവ നമ്പർ ഉത്തരവിൽ cut off date സംബന്ധിച്ച് നിർദേശങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കോവിഡ് പെൻഷൻ അനുവദിക്കുന്നതിന് cut off date നിശ്ചയിക്കുന്നത് സംബന്ധിച്ച ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആരാഞ്ഞപ്പോൾ നിയമ വകുപ്പ്, KSDMA എന്നിവയുമായി ചർച്ച ചെയ്ത് സർക്കാർതലത്തിൽ തീരുമാനം കൈകൊള്ളാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5) തൃശ്ശൂർ ജില്ലയ്ക്ക് കോവിഡ് പെൻഷൻ ഇനത്തിൽ 2023-2024 സാമ്പത്തിക വർഷത്തിലേക്ക് വിതരണം ചെയ്യാൻ ആവശ്യമായിരുന്ന 4,59,89,000/- രൂപയിൽ സ.ഉ.(സാധാ)1419/2024/ആർഡി തീയതി 20.06.2024 പ്രകാരം അനുവദിച്ച 1,25,30,000/- രൂപ തുക കിഴിച്ചുള്ള 3,34,50,000/- രൂപയാണ് അനുവദിക്കാൻ ജില്ല കളക്ടർ ആവശ്യപ്പെട്ടിരുന്നതെങ്കിലും 2024 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ ആവശ്യമായ 2,09,85,000/- രൂപ കൂടി ചേർത്ത് ആകെ 5,44,35,000/- അനുവദിക്കാൻ തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലയിൽ തുക അനുവദിച്ചതിന്റെ വിശദവിവരങ്ങളും തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിഷയം DRF-B2/104/2024-REV നമ്പർ ഫയലിൽ പരിശോധിക്കുകയും ഉത്തരവിനായി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി ചുവടെ പറയും പ്രകാരം ഉത്തരവായി.

**"ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ വ്യക്തതവരുത്തി സമഗ്രമായ പരിശോധനകൾക്ക് ശേഷം ധനകാര്യ വകുപ്പിന്റെയും ചീഫ് സെക്രട്ടറിയുടെയും അഭിപ്രായം സഹിതം സമർപ്പിക്കുക.**

**1. 2023-24 സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയ്ക്ക് മാത്രമാണോ ബജറ്റിൽ വകയിരുത്തിയതിൽ നിന്നും അധികമായി തുക ആവശ്യമുള്ളത്? മറ്റു ജില്ലകൾക്കും സമാന ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് ആകെ എത്ര തുക ആവശ്യമായി വരും എന്ന് കണക്കാക്കുക.**

**2. 2024-25 സാമ്പത്തിക വർഷം ഇതിലേയ്ക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടോ?**

**3. 30.09.2024 പ്രാബല്യത്തിൽ പെൻഷൻ നിർത്തലാക്കുന്നതിനു തടസ്സമായി ബന്ധപ്പെട്ട കോടതി വിധികളോ മറ്റോ ബാധകമാകുമോ?**

**4. പെൻഷൻ തുടരേണ്ടതുണ്ടെങ്കിൽ ഓരോ വർഷവും ആകെ എത്ര തുക വേണ്ടിവരും?**

5. 30.09.2024 പ്രാബല്യത്തിൽ പെൻഷൻ നിർത്തലാക്കിയാലും G.O(Ms)No.203/2021/REV തീയതി 22.10.2021 പ്രകാരം, കൊവിഡിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള പെൻഷൻ 18 വയസ്സ് വരെ തുടരേണ്ടതില്ലേ? അതിനുള്ള വകയിരുത്തലുകൾ ഉണ്ടോ?

6. 2025-26 സാമ്പത്തിക വർഷവും പദ്ധതി തുടരേണ്ടതുണ്ടെങ്കിൽ അതിനായി പ്രത്യേക വകയിരുത്തലാണോ അഥവാ SDRF-ൽ നിന്നും കണ്ടെത്താൻ കഴിയുമോ? "

6) ലാന്റ് റവന്യൂ കമ്മീഷണർ, വനിതാ ശിശുവികസന വകുപ്പ്, ദുരന്തനിവാരണ വകുപ്പ് എന്നിവരിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു,

| | | | |
|---|---|---|---|
| 1 | 2023-24 സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയ്ക്ക് മാത്രമാണോ ബജറ്റിൽ വകയിരുത്തിയതിൽ നിന്നും അധികമായി തുക ആവശ്യമുള്ളത്? മറ്റ് ജില്ലകൾക്കും സമാന ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് ആകെ എത്ര തുക ആവശ്യമായി വരും എന്ന് കണക്കാക്കുക. | 1) | ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം 2023-24 ൽ അധിക തുക ആവശ്യമുള്ള തായി പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്.<br>1.തിരുവനന്തപുരം(1,21,90,000 രൂപ) 2.കൊല്ലം(2,12,95000 രൂപ)<br>3.കോട്ടയം(14,40,000 രൂപ)<br>4.തൃശ്ശൂർ (3,34,50,000 രൂപ)<br>എന്നീ ജില്ലകളാണ്. ഇതിന് 6,83,75,000/- (ആറു കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) ആവശ്യമുള്ളതായി കാണുന്നു. |
| 2 | 2024-25 സാമ്പത്തിക വർഷം ഇതിലേയ്ക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടോ? | 2) | പദ്ധതിക്കായി പുതിയ ശീർഷകം തുറന്നുവെങ്കിലും കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം 3 വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിപ്രകാരമുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന രീതി തുടർന്നാൽ മതിയാകുമെന്നും പ്രസ്തുത പദ്ധതിക്കായി പുതിയ ശീർഷകം തുറന്ന ഉത്തരവ് റദ്ദാക്കിയിട്ടുള്ളതും ധനസഹായ വിതരണവുമായി ബന്ധപ്പെട്ട cut off date ഉൾപ്പെടെയുള്ള നിബന്ധനകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശ അടിയന്തിരമായി സമർപ്പിക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| 3 | 30/09/2024 പ്രാബല്യത്തിൽ പെൻഷൻ നിർത്തലാക്കുന്നതിനു തടസ്സമായി ബന്ധപ്പെട്ട കോടതി വിധികളോ മറ്റോ ബാധകമാകുമോ? | 3) | ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം 30.09.2024 പ്രാബല്യത്തിൽ പെൻഷൻ നിർത്തലാക്കുന്നതിന് തടസ്സമായി കോടതി വിധികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| 4 | പെൻഷൻ തുടരേണ്ടതുണ്ടെങ്കിൽ ഓരോ വർഷവും ആകെ എത്ര തുക വേണ്ടിവരും? | 4) | പെൻഷൻ തുടരേണ്ടതുണ്ടെങ്കിൽ ഓരോ സാമ്പത്തിക വർഷവും ആവശ്യമായി വരുന്ന തുക ജില്ല തിരിച്ചുള്ള കണക്ക് പ്രൊഫോർമ രൂപത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| 5 | 30.09.2024 പ്രാബല്യത്തിൽ പെൻഷൻ നിർത്തലാക്കിയാലും G.O(Ms)No.203/2021/REV തീയതി 22.10.2021 പ്രകാരം, കോവിഡിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള പെൻഷൻ 18 വയസ്സ് | 5) | കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടമായ കുട്ടികൾക്കുള്ള കേന്ദ്ര ധനസഹായ പദ്ധതിയായ പി.എം.കെയർ ഫോർ ചിൽഡ്രൻ 28.02.2022- ന് നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്ത് കോവിഡ് ധനസഹായ പദ്ധതിയിലും 28.02.2022- ന് ശേഷം മാതാപിതാക്കൾ മരണപ്പെട്ട കേസുകൾ ഇനി പരിഗണിക്കേണ്ടതില്ല എന്നും പ്രസ്തുത തീയതിക്ക് മുൻപ് രക്ഷിതാക്കൾ മരണപ്പെട്ട കുട്ടികളെ തുടർന്നും ഉൾപ്പെടുത്താമെന്നും തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ 28.02.2022 തീയതിക്ക് മുൻപ് വരെ കോവിഡ് മൂലം |

| | | | |
|---|---|---|---|
| | വരെ തുടരേണ്ടതില്ലേ? അതിനുള്ള വകയിരുത്തലുകൾ ഉണ്ടോ? | | മാതാപിതാക്കൾ മരണപ്പെട്ട കേസുകൾ പദ്ധതി മാർഗരേഖ പ്രകാരം പരിഗണിക്കേണ്ടതും പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് പ്രതിമാസമായി 2000/- രൂപ വീതം സ്പോൺസർഷിപ്പ് 18 വയസ്സ് പൂർത്തിയാകുന്നത് വരെ തുടരേണ്ടതുണ്ട് എന്നും അതിനുള്ള വകയിരുത്തലുകൾ ഉണ്ട് എന്നും വനിതാ ശിശുവികസന (സി) വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| 6 | 2025-26 സാമ്പത്തിക വർഷവും പദ്ധതി തുടരേണ്ടതുണ്ടെങ്കിൽ അതിനായി പ്രത്യേക വകയിരുത്തലാണോ അഥവാ SDRF-ൽ നിന്നും കണ്ടെത്താൻ കഴിയുമോ? | 6) | ദുരന്തനിവാരണ (എ) വകുപ്പ് ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ നിർദേശ പ്രകാരം കോവിഡ് മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഒറ്റതവണ ധനസഹായമായി 50,000/- രൂപ വീതം SDRF ൽ നിന്നും അനുവദിച്ചുവരുന്നതായും ഇതിന് പുറമെ കോവിഡ് മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് സമാശ്വാസ പെൻഷൻ അനുവദിക്കുന്നതിന് SDRF-ന്റെ നിലവിലെ മാനദണ്ഡപ്രകാരം സാധ്യമല്ല എന്നും കാണുന്നു. നിലവിൽ CMDRF ൽനിന്നാണ് കോവിഡ് പെൻഷൻ നൽകിവരുന്നത്. |

7) (i)കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം 3 വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിപ്രകാരം 2023-24 ൽ അധികമായി ആവശ്യമുള്ള തുകയായ 6,83,75,000/- രൂപ(ആറു കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) ചുവടെ ചേർക്കും പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും

1.തിരുവനന്തപുരം (1,21,90,000 രൂപ),

2.കൊല്ലം (2,12,95000 രൂപ),

3.കോട്ടയം (14,40,000 രൂപ),

4.തൃശ്ശൂർ (3,34,50,000 രൂപ)

ആകെ 6,83,75,000/-

(ii) ധനകാര്യ, ദുരന്തനിവാരണ വകുപ്പുകൾ നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിന് cut off date സംബന്ധിച്ച തീരുമാനിക്കുന്നതിനും ടി തീയതി 30.09.2024 വരെയായി നിശ്ചയിക്കാവുന്നതാണെന്ന ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ നിർദേശം ചൂണ്ടിക്കാണിച്ചുകൊണ്ട് ഫയൽ ചംക്രമണം ചെയ്തപ്പോൾ ബഹു.മുഖ്യമന്ത്രി ചീഫ് സെക്രട്ടറി, ACS (Fin) -ന് ഫയൽ കൈമാറുകയുമുണ്ടായി.

8) തുടർന്ന്, ധനകാര്യ (WW) വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"AD is informed to retransmit file with the list of covid 19 death cases (of BPL families) and also the number application for assistance so far received to examine the proposal further."

9) സംസ്ഥാനത്ത് ബി പി എൽ കുടുംബങ്ങളിൽ കോവിഡ് 19 ബാധിച്ച് മരണപ്പെട്ട ആളുകളുടെ ലിസ്റ്റ്, കോവിഡ് ബി പി എൽ പെൻഷൻ ലഭിക്കുന്നതിനായി നാളിതുവരെ ലഭിച്ച അപേക്ഷകളുടെ എണ്ണം എന്നിവ ക്രോഡീകരിച്ച് ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ചപ്പോൾ ധനകാര്യ (WW) വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കി.

**"കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം 3 വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയുടെ cut off date ഉത്തരവ് തീയതി മുതലെന്ന് തീരുമാനിക്കാവുന്നതും ആവശ്യമായ തുക CMDRF ൽ നിന്ന് കണ്ടെത്താവുന്നതും ആണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.**

**ഇതിനു ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."**

10) 3 വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന കോവിഡ് ബി.പി.എൽ. പെൻഷൻ പദ്ധതിയുടെ cut off date ഉത്തരവ് തീയതി മുതലെന്ന് തീരുമാനിക്കാവുന്നതാണെന്ന് ധനകാര്യ (WW) വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. 22.10.2021 തീയതിയിലെ സ.ഉ(കൈ).നം.203/2021/റവ പ്രകാരം ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് ധനസഹായം അനുവദിക്കുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ 3 വർഷ കാലാവധി 21.10.2024 വരെയാണ്. പ്രസ്തുത സർക്കാർ ഉത്തരവിൽ അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന തീയതി സംബന്ധിച്ച് പ്രത്യേകമായി പരാമർശിച്ചിട്ടില്ല.

11) ഇതു സംബന്ധിച്ച് ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

1. കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം 3 വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി (22.10.2021 തീയതിയിലെ സ.ഉ(കൈ).നം.203/2021/റവ പ്രകാരം നടപ്പിലാക്കിയ പദ്ധതി) പ്രകാരം 2023-24 ൽ അധികമായി ആവശ്യമുള്ള തുകയായ 6,83,75,000/- രൂപ (ആറു കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) ചുവടെ ചേർക്കും പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കാവുന്നതാണോ?

1.തിരുവനന്തപുരം (1,21,90,000 രൂപ),

2.കൊല്ലം (2,12,95000 രൂപ),

3.കോട്ടയം (14,40,000 രൂപ),

4.തൃശ്ശൂർ (3,34,50,000 രൂപ) **ആകെ 6,83,75,000/-**

2. 2/10/2021 ലെ സ.ഉ.(കൈ) 203/2021/റവ നമ്പർ ഉത്തരവിൽ cut off date സംബന്ധിച്ച് നിർദേശങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ധനകാര്യ (WW) വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മൂലം മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചു കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് 3 വർഷത്തേയ്ക്ക് സമാശ്വാസ ധനസഹായം നൽകുന്ന കോവിഡ് ബി ബി.പി.എൽ പെൻഷൻ പദ്ധതിയുടെ cut off date ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയായി തീരുമാനിക്കാവുന്നതാണോ?